LIBRARY ARCHIVES Kerala Legislative Assembly

ഔഷധ സസ്യത്തോട്ടം

246 (1990) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ സഞ്ജീവനി വനത്തിൽ ഇപ്പോൾ എത്ര തരം ഔഷധ സസ്യങ്ങൾ ഉണ്ട് എന്ന് അറിയിക്കാമോ; ഔഷധ സസ്യ തോട്ടത്തിന്റെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) 2015-16-ലെ ബഡ്ജറ്റിൽ ടി തോട്ടത്തിന്റെ ആവശ്യത്തിലേക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ഈ വർഷം കൂടുതൽ ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുളത്തുപ്പുഴ സഞ്ജീവനി വനത്തിൽ ഇപ്പോൾ 200-ൽപ്പരം ഔഷധ സസ്യങ്ങളുണ്ട്. ഇതിന്റെ മേൽനോട്ട ചുമതല കൊല്ലം ജില്ലാ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് കൺസർവേറ്റർക്കാണ്.

(ബി) 2015-16 വർഷത്തിൽ കുളത്തുപ്പുഴ സഞ്ജീവനി വനത്തിന്റെ പരിചരണത്തിനായി 2,65,000 രൂപയുടെ അടങ്കൽ അംഗീകരിച്ചിട്ടുണ്ട്. ഈ വർഷം കൂടുതൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു

തടിമില്ലുകൾക്ക് ലൈസൻസ്

247 (1991) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി മില്ലുകളുടെ ലൈസൻസ് പുതുക്കി നല്കാത്തത് മൂലം മില്ലുടമകൾ അനുഭവിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം മില്ലുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് അനുകൂലമായി എന്തെങ്കിലും കോടതി വിധികൾ വന്നിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?